പോലീസ് വകുപ്പ്

കേരളം

**No.B3-8210/2017/ID**

ജില്ലാ പോലീസ് ഓഫീസ്,

ഇടുക്കി

spidk.pol@kerala.gov.in

04862232354

തീയതി. 18-01-2018

**സർക്കുലർ No.01/2018**

വിഷയം : ELECTION TO THE UNIT COMMITTEE OF KERALA POLICE WELFARE & AMENITY FUND FOR THE YEAR 2018

KPW&A 2018 വർഷത്തെ ഭരണസമതിയെ തെരഞ്ഞെടുക്കുവാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്,

ഭരണസമതി അംഗങ്ങളുടെ ആകെ എണ്ണം - 10 (താഴെപ്പറയുന്ന പ്രകാരം)

1. ജില്ലാ പോലീസ് മേധാവി - 01
2. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം) - 01
3. പോലീസ് ഇൻസ്പെക്ടർ - 01
4. എസ്.ഐ/എ.എസ്.ഐ - 01
5. സീനിയർ സിവിൽ പോലീസ് ഓഫീസർ - 02
6. സിവിൽ പോലീസ് ഓഫീസർ - 02
7. വനിതാ വിഭാഗം പ്രതിനിധി - 01
8. മിനിസ്റ്റീരിയൽ പ്രതിനിധി - 01

ഭരണസമതിയുടെ അദ്ധ്യക്ഷൻ ജില്ലാ പോലീസ് മേധാവി അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന വ്യക്തി ആയിരിക്കും.

**പൊതുയോഗത്തിൽ പ്രതിനിധികളെ തെരഞ്ഞെടുത്ത് അയക്കേണ്ട വിധം**

ജില്ലാ പോലീസ് ഓഫീസ്, സായുധ പോലീസ് കമ്പനികൾ, പോലീസ് സ്റ്റേഷനുകൾ, മറ്റ് പോലീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിയെടുത്തുവരുന്ന കെ.പി.ഡബ്ല്യു & എ ഫണ്ടിൽ അംഗത്വം ഉള്ളവരിൽനിന്നും മീറ്റിംഗ്കൂടി 15 അംഗങ്ങൾക്ക് ഒരു പ്രതിനിധി എന്ന കണക്കിൽ തെരഞ്ഞെടുത്ത് 30-01-2018 തീയതിയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പൊതുയോഗത്തിൽ സംബന്ധിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും നിർദ്ദേശിച്ച് അയക്കേണ്ടതാണ്. അംഗങ്ങൾ കുറവുള്ള ഓഫീസുകളിൽനിന്നും ഒരു പ്രതിനിധിയെ അയക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പൊതുയോഗം കൂടുമ്പോൾ യോഗത്തിൽ പ്രതിനിധികളുടെ 50% സാന്നിധ്യം ഉണ്ടായിരിക്കേണ്ടതാണ്. നിശ്ചിതസമയത്ത് തന്നെ പൊതുയോഗത്തിൽ സംബന്ധിക്കുവാനുള്ള പ്രതിനിധികളെ അയക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. പ്രതിനിധികളുടെ പേരുവിവരം ഉൾപ്പെട്ട ലിസ്റ്റ് 27-01-2018 ന മുൻപായി ഈ ഓഫീസ്സിൽ അറിയിച്ചിരിക്കേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെട്ട പ്രതിനിധികളെ മാത്രമേ പൊതുയോഗത്തിൽ പങ്കെടുപ്പിക്കുകയുള്ളു.

**പൊതുയോഗം 30-01-2018 തീയതിയിൽ 12.00 Noon ന് ഇടുക്കി എ.ആർ.ക്യാമ്പിൽവച്ച് കൂടുന്നതാണ്.**

**അംഗത്വം**

ഡിപ്പാർട്ട്മെന്റിലെ ഇൻസ്പെക്ടർ റാങ്ക് മുതൽ താഴേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും KPW&A ഫണ്ടിൽ അംഗത്വം എടുക്കാവുന്നതും, നിലവിൽ അംഗത്വം ഉള്ളവർ അത് പുതുക്കേണ്ടതുമാണ്. 2017 ഡിസംബർ മാസത്തെ ശമ്പളത്തിൽനിന്നും KPW&A ഫണ്ടിൻറെ വരിസംഖ്യയായി Rs. 60/- വീതം കുറവ് ചെയ്യുവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. ലിസ്റ്റിൽ

പേരില്ലാത്തവർ Rs.60/- ഒടുക്കി അംഗത്വം പുതുക്കേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസ് മേധാവികൾ/SHO മാർ തങ്ങളുടെ യൂണിറ്റിലെ അംഗങ്ങളിൽനിന്നും വരിസംഖ്യ പിടിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വരിസംഖ്യ അടക്കാത്തവരുടെ അംഗത്വം നിഷേധിക്കുന്നതായിരിക്കും.

വേണുഗോപാൽ കെ ബി
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ ഓഫീസർമാർക്കും

പകർപ്പ് : അസിസ്റ്റന്റ് കമാണ്ടന്റ്, ആംഡ് റിസർവ്,ഇടുക്കി - 30-01-2018 തീയതിയിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മീറ്റിംഗ് - നുവേണ്ട നടപടികൾ സ്വീകരിക്കുന്നതിലേക്കായി

B3-8210/2017/ID

70be1b